Volume 1
Issue 2
OCTOBER - DECEMBER 2018

# തീരസ്പന്ദനം

## കൊല്ലം തീരത്തിന്റെ ഹൃദയമിടിപ്പുകൾ

The Newsletter of Fishermen Community Development Programme (FCDP) &
Theeradesha Mahila Society (TMS), Pallithottam, Kollam. Reg. Q. 771/84; Q.1039/95

## എഡിറ്റോറിയൽ

പുത്തൻ പ്രതീക്ഷകളുമായി 2019 നെ നാം വരവേറ്റു കഴിഞ്ഞല്ലോ. 2019 നമുക്ക് ഏവർക്കും പ്രതീക്ഷയുടെയും സ്വപ്ന സാഫല്യത്തിന്റെയും പുത്തൻ ഉണർവിന്റെയും വർഷമാകട്ടെ എന്ന് തീവ്രമായി ആഗ്രഹിച്ചുകൊണ്ട് എല്ലാവർക്കും പുതുവത്സരത്തിന്റ ആശംസകൾ നേരുന്നു. കഴിഞ്ഞ വർഷം നാം നടത്തിയ സംഘടനാ പ്രവർത്തങ്ങൾ ഏറെ വിജയകരമായിരുന്നു എന്ന് അഭിമാനത്തോടെ ഞാൻ അനുസ്മരിക്കുന്നു. 2018 ൽ നാം ആവിഷ്കരിച്ചു നടപ്പിലാക്കിയ 'പ്രതീക്ഷ' എന്ന പദ്ധതി (വിദ്യാഭാസത്തിന് ഒരു കരുതൽ), ദുരിതാശ്വാസ കിറ്റ് വിതരണം, പ്രളയകെടുതിയിൽ നമ്മുടെ ഇടപെടൽ, സാശ്രയ വിപണന സംഘം, വിശപ്പിനു വിട, എന്ന പദ്ധതിയുടെ തുടർച്ച സ്ത്രീ ശാക്തീകരണം, അന്യ സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടിയുള്ള പദ്ധതി എന്നിവ നമ്മുടെ കൂട്ടായ്മയുടെയും, സംഘപ്രവർത്തനങ്ങളുടെയും ഒരു പ്രതി ഫലനമാണ്. നമ്മുടെ വിവിധ പ്രവർത്തനങ്ങളുടെ അംഗീകാരത്തിന്റെ ഭാഗമെന്നോണം BREADS നമ്മെ കൂടുതൽ പ്രവർത്തന മികവുറ്റവരാക്കാനും അതിലൂടെ സ്വയം പര്യാപ്തത നേടുന്നതിനുമായി ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. നാളിതുവരെ FCDP - TMS പ്രസ്ഥാനങ്ങളോട് നന്നായി സഹകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാവർക്കും നന്ദി പറയുന്നതിനോടൊപ്പം ഈ പ്രസ്ഥാനങ്ങൾ കൂടുതൽ കരുത്താർജിക്കാൻ ഏവരുടെയും സഹായവും സഹകരണവും പ്രതീക്ഷിച്ചു കൊണ്ട്

ഡയറക്ടർ
FCDP - TMS

EDITORIAL BOARD
Chief Editor
Rev. Fr. JOBY SEBASTIAN
Associate Editors
Dr. SINDHA MENDEZ
Mr. ANOOPRAJ

**ഒക്ടോബർ 27, 2018**

## പ്രതീക്ഷ : വിദ്യാഭാസത്തിന് ഒരു കരുതൽ

**10, +2 ക്ളാസുകളിൽ ഉയർന്ന വിജയം നേടിയവർക്ക് എഫ്. സി. ഡി. പി യുടെ ആദരം** : തീരദേശവിദ്യാർഥികളുടെ വിദ്യാഭ്യാസം ഭദ്രമാക്കുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മികച്ച വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആരംഭിച്ച സംരംഭമാണ് 'പ്രതീക്ഷ'. ഈ സംരംഭത്തിന്റെ ഭാഗമായി തീരദേശ മഹിളാ സൊസൈറ്റിയും എഫ്. സി. ഡി. പി യും ചേർന്ന് സംയുക്തമായി 2018 ഒക്ടോബർ 27ന് എഫ്. സി. ഡി. പി ഹാളിൽ വച്ച് നടത്തിയ ചടങ്ങ് ആദരണീയനായ കൊല്ലം മേയർ അഡ്വ. വി രാജേന്ദ്രബാബു ഉദ്ഘാടനം ചെയ്തു. 10, +2 ക്ളാസുകളിൽ ഉയർന്ന വിജയം കരസ്ഥമാക്കിയ FCDP കുടുംബത്തിലെ തിരഞ്ഞെടുക്കപ്പെട്ട 8 മികച്ച വിദ്യാർഥികൾക്ക് കൊല്ലം മേയർ അഡ്വ. വി രാജേന്ദ്രബാബു സ്കോളർഷിപ്പും ഫലകവും കൈമാറി. കൊല്ലം രൂപതാ വികാരി ജനറൽ ഫാ. വിൻസെന്റ് മച്ചാഡോ, എഫ്. സി. ഡി. പി & ടി. എം. എസ് ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, എഫ്. സി. ഡി. പി ചെയർപേഴ്സൺ ഡോ. സിന്താ മെൻഡസ്, ടി. എം. എസ് പ്രസിഡന്റ് ശ്രീമതി ആഗ്നസ് പി. പി, കൗൺസിലർമാരായ അഡ്വ. വിനിത വിൻസെന്റ്, അഡ്വ. ഷീബ ആന്റണി, ശ്രീമതി ശാന്തിനി ശുഭദേവ്, സ്നേഹകിരൺ കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ മേരി മാത്യു എന്നിവർ വേദി പങ്കിട്ടു. എഫ്. സി. ഡി. പി & ടി. എം. എസ് സംഘടനകളുടെ ഭരണസമിതി അംഗങ്ങളും അഭ്യുദയാകാംഷികളും ചടങ്ങിൽ പങ്കെടുത്തു.



**ഒക്ടോബർ 27, 2018**

## പ്രളയക്കെടുതിയിൽ സഹായവുമായി: FCDP & TMS തുടർ പ്രവർത്തനങ്ങൾ :

**പ്രളയബാധിതർക്ക് ഉപജീവനത്തിന് ധനസഹായം :**
മഹാപ്രളയത്തിന്റെ കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കുട്ടനാട് കൈനകരിയിലെ 10 കുടുംബങ്ങൾക്ക് ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലെപ്മെന്റ് പ്രോഗ്രാമിന്റെയും തീരദേശ മഹിളാ സൊസൈറ്റിയുടെയും ബ്രെഡ്സ് ഡോൺ ബോസ്കോ ബാംഗ്ളൂരിന്റെയും പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 50000 രൂപ വീതം ധനസഹായം നൽകി. പ്രളയക്കെടുതിയുടെ ഭാഗമായി അവസരോചിതമായ ഇടപെടലുകൾ നേരത്തെയും സംഘടനയുടെ ഭാഗത്തുനിന്നും ഉണ്ടായിരുന്നു



പ്രളയബാധിത പ്രദേശങ്ങളിൽ ഭക്ഷണപദാർത്ഥങ്ങളും, വസ്ത്രങ്ങളും മറ്റ് അത്യാവശ്യ സാധനങ്ങളും എത്തിക്കുക ഉണ്ടായി. ക്ളീൻ കേരള ക്യാമ്പയിൻ എന്ന പേരിൽ നടത്തിയ പ്രവത്തനങ്ങൾ കൂടാതെ തെരഞ്ഞെടുക്കപെട്ട 67 കുടുംബങ്ങൾക്ക് വീട്ടുപകരണങ്ങളും നൽകി. ഇതിനുപുറമെ പ്രളയക്കെടുതിയിൽ രക്ഷകരായ തീരദേശത്തെ ധീരരായ മൽസ്യത്തൊഴിലാളികളെ ആദരിക്കുവാനും സംഘടനയ്ക്ക് സാധിച്ചു. ഇതിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായാണ് തെരഞ്ഞെടുക്കപെട്ട കൈനകരിയിലെ 10 കുടുംബങ്ങൾക്ക് ധനസഹായം നൽകുവാൻ തീരുമാനിച്ചത്.

FCDP ഹാളിൽ വച്ച് നടന്ന ചടങ് ആദരണീയനായ കൊല്ലം മേയർ അഡ്വ. വി. രാജേന്ദ്രബാബു ഉത്ഘാടനം ചെയ്തു. പ്രളയക്കെടുതിയെ നേരിടുന്നതിനായി സംഘടന നടത്തിയ




പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് മേയർ അഭിപ്രായപ്പെട്ടു. തീരദേശത്തെ FCDP-TMS സംഘടനകളുടെ പ്രവർത്തനം മികച്ചതാണെന്നും തീരദേശത്തെ വികസനത്തിന് ഈ സംഘടനകൾ ഒരു മുതൽകൂട്ടാണെന്നും ചടങ്ങിൽ പങ്കെടുത്തു കൊണ്ട് കൊല്ലം രൂപതാ വികാരി ജനറൽ മോൺ.വിൻസെന്റ് മച്ചാഡോ അഭിപ്രായപ്പെട്ടു, എഫ്. സി. ഡി. പി & ടി. എം. എസ് ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, എഫ്. സി. ഡി. പി ചെയർപേഴ്സൺ ഡോ.



സിന്താ മെൻഡസ്, ടി. എം. എസ് പ്രസിഡന്റ് ശ്രീമതി ആഗ്നസ് പി. പി, കോർപറേഷൻ കൗൺസിലർമാരായ അഡ്വ. വിനിത വിൻസെന്റ്, അഡ്വ. ഷീബ ആന്റണി, ശ്രീമതി. ശാന്തിനി ശുഭദേവ്, സ്നേഹകിരൺ കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ മേരി മാത്യു എന്നിവർ



പ്രസംഗിച്ചു. FCDP - TMS അംഗങ്ങളും, ബോർഡ് & സ്റ്റാഫ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

**ഒക്ടോബർ 30 – നവംബർ 4, 2018**

## പ്രളയത്തിൽ രക്ഷകരായ മൽസ്യത്തൊഴിലാളി സമൂഹത്തിന് ഒരു നിത്യസ്മാരകം :

കേരളം കണ്ട സമാനതകളില്ലാത്ത പ്രളയം നമ്മെ കടന്നുപോയതിന്റെ ഞെട്ടലിൽ നിന്ന് നാം ഇതുവരെയും മുക്തരായിട്ടില്ല. പ്രളയസമയത്തെ മൽസ്യത്തൊഴിലാളികളുടെ ഇടപെടലുകൾ



മറ്റുള്ളവർക്കും മാതൃകാപരമായിരുന്നു. മൽസ്യത്തൊഴിലാളികളുടെ നിസ്വാർത്ഥമായ ഈ ഇടപെടൽ ഒരു ചരിത്രരേഖയായി നിലനിൽക്കണമെന്ന ഉദ്ദേശ്യത്തോട്കൂടെയും ഗവേഷണ വിദ്യാർത്ഥികൾക്ക് ഭാവിയിൽ ഒരു പഠന ഗ്രന്ധമായും മാറുന്നതിനു വേണ്ടിയുമാണ് പുസ്തക രൂപേണ പ്രസിദ്ധീകരണമെന്ന ആശയം



FCDP മുന്നോട്ട് വച്ചത്. എഫ്. സി. ഡി. പി, ബാംഗ്ളൂർ റൂറൽ എഡ്യൂക്കേഷണൽ ആൻഡ് ഡെവലെപ്മെന്റ് സൊസൈറ്റി (BREADS), ബാംഗ്ളൂരുമായി ചേർന്ന് പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന്റെ ഭാഗമായി അങ്ങാടികടവ് ഡോൺ ബോസ്കോ കോളേജിലെ



ജേർണലിസം വിഭാഗത്തിലെ അധ്യാപകരും വിദ്യാർഥികളുമടങ്ങുന്ന 15 അംഗ സംഘം 2018 ഒക്ടോബർ 30 മുതൽ നവംബർ 4 വരെ കൊല്ലം തീരദേശം സന്ദർശിക്കുകയും രക്ഷാപ്രവർത്തനങ്ങളെ കുറിച്ച് നേരിട്ട് പഠിക്കുകയും ചെയ്തു.



കേരളത്തിൽ നിന്നും പോയ ബോട്ടുകളിൽ കൂടുതലും കൊല്ലം ജില്ലയിൽ നിന്നുള്ളതാണ് എന്നത് നമുക്ക് അഭിമാനിക്കാവുന്ന

നേട്ടമാണ്. പുസ്തകവുമായി ബന്ധപ്പെട്ട് ഫിഷറീസ് മന്ത്രി ശ്രീമതി മെഴ്സികുട്ടിയമ്മ, കൊല്ലം കളക്ടർ ഡോ. എസ് കാർത്തികേയൻ, എസിപി ശ്രീ. എ. പ്രദീപ്കുമാർ മറ്റ് പ്രമുഖ വ്യക്തികൾ തുടങ്ങിയവരുമായി അഭിമുഖം നടത്തുകയുമുണ്ടായി. ഈ സംരംഭത്തിന് നേതൃത്വം കൊടുക്കുന്ന ഫാ. പ്രിൻസ് തെക്കെപുറം (CSSR)നെയും ടീം അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. രക്ഷാ പ്രവർത്തനത്തിന് പോയ മൽസ്യത്തൊഴിലാളികളെ നേരിട്ട് കാണുകയും അവരുടെ അനുഭവങ്ങൾ സാംശീകരിച് നൽകുകയും ചെയ്ത ഡോ. സിന്താ മെൻഡസ്, ശ്രീമതി ആഗ്നസ് പി. പി, സിസ്റ്റർ സിസിലി പോൾ, അനൂപ്രാജ് തുടങ്ങിയവർക്ക് പ്രത്യേകം നന്ദി പറയുന്നു.

നവംബർ 4, 2018

## യുവാക്കളുടെ സായാഹ്ന സംവാദം: മത്സ്യത്തൊഴിലാളി സമൂഹവും ഭാവിയും.

തീരദേശ മൽസ്യത്തൊഴിലാളികളുടെ പ്രളയ സമയത്തെ രക്ഷാപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ '**മൽസ്യത്തൊഴിലാളി സമൂഹവും ഭാവിയും**' എന്ന വിഷയത്തെ അടിസ്ഥാനമാക്കി 2018 നവംബർ 4ന് അഞ്ചാടികടവ് ഡോൺ ബോസ്കോ കോളേജിലെ



ജേർണലിസം വിഭാഗത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ 15 പേരടങ്ങുന്ന സംഘം തീരദേശത്തെ യുവതി യുവാക്കളുമായി YMCA ഹാളിൽ വച്ച് സംവാദം നടത്തി. വളരെ



ഫലപ്രദമായ ആശയ രൂപീകരണത്തിനു വേദിയായ സംവാദസദസ്സ് മത്സ്യത്തൊഴിലാളികളുടെ യുവതലമുറയ്ക്ക് അവരുടെ സ്വപ്നങ്ങളും ആശങ്കകളും പങ്കുവയ്ക്കാനുള്ള അവസരമായി മാറി. ചുരുക്കത്തിൽ മത്സ്യത്തൊഴിലാളികളുടെ പുതു തലമുറ എത്രമാത്രം ദീർഘ വീക്ഷണത്തോടെയും പ്രായോഗിക ബുദ്ധിയോടേയുമാണ് ജീവിതത്തെ സമീപിക്കുന്നത് എന്നതിന്റെ നേർസാക്ഷ്യമായിരുന്നു ഈ സായാഹ്ന സംവാദം.

**സംവാദത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന പ്രധാനപ്പെട്ട ആശയങ്ങൾ**

1. മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഗുരുതരമായ സാമൂഹിക സാമ്പത്തിക പ്രതിസന്ധികളേക്കുറിച്ച് അവരുടെ പുതുതലമുറ ബോധവാന്മാരാണ്.



2. വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും പിന്നാക്കാവസ്ഥയിൽ ആയിത്തീരാൻ നിർബന്ധിതരായ ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. കടലിലെ ചങ്കുറപ്പും ആത്മധൈര്യവുമാണ് അനുദിന ജീവിതത്തിലെ പ്രതിസന്ധികളിൽ അവർക്ക് തുണയാകുന്നത്.



3. ഉന്നത വിദ്യാഭ്യാസത്തിനർഹരായവർ കലാലയങ്ങളിൽ കടുത്ത അവഗണനകളും മാനസിക പീഡനങ്ങളും ഏൽക്കേണ്ടി വരുന്നുണ്ടെന്ന് അവർ ഐക്യകണ്ഠേന അഭിപ്രായപ്പെട്ടു.

4. യുവാക്കൾ ആരും തന്നെ പരമ്പരാഗത മത്സ്യബന്ധനത്തിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്നില്ല. ദുരഭിമാനമല്ല മറിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വരാനുള്ള അദ്ദേദ്യമായ ആഗ്രഹമാണീ തീരുമാനത്തിനു പിന്നിൽ.



5. സർക്കാർ തലത്തിൽ അനുവദിക്കുന്നതും പ്രഖ്യാപിക്കുന്നതുമായ ഗ്രാന്റുകളും മറ്റ് ആനുകൂല്യങ്ങും അർഹരായവരിലേയ്ക്ക് എത്തുന്നില്ലായെന്ന് കൊല്ലം കോർപ്പറേഷൻ കൗൺസിലറും പൊതു പ്രവർത്തകയുമായ അഡ്വ. വിനീത വിൻസെന്റ് അഭിപ്രായപ്പെട്ടു.

6. പുറമേ നിന്നുള്ളതിനേക്കാൾ കൂടുതൽ സഹായം സമുദായത്തിന്റെ ഉള്ളിൽ നിന്നും ചെയ്യാനാകുമെന്നാണ് യുവാക്കളുടെ അഭിപ്രായം.



7. മത്സ്യ വില്പനയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടേയും യുവതികളുടേയും ആരോഗ്യ സുരക്ഷാ മേഘലകളിൽ സർക്കാർ സംവിധാനങ്ങൾ വളരെ പരിമിതം എന്നതാണ് യുവജനത്തിന്റെ അഭിപ്രായം.

8. നവ മാധ്യമങ്ങൾ ഈ സമൂഹത്തിന്റെ പുരോഗതിക്കായി വേണ്ടത്ര ഉപയോഗിക്കപ്പെടുന്നില്ല.

9. മത്സ്യ ബന്ധനം പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും വഴുതി മാറിക്കൊണ്ടിരിക്കയാണെന്ന ആശങ്കയും പങ്ക് വച്ചുകൊണ്ട് സംവാദം അവസാനിച്ചു.

എഫ്. സി. ഡി. പി, BREADS ബാംഗ്ലൂരുമായി ചേർന്ന് തയാറാക്കുന്ന പുസ്തകത്തിന്റെ ഭാഗമായാണ് സംവാദം നടത്തിയത്. എഫ്. സി. ഡി. പി & ടി. എം. എസ് ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, കൊല്ലം കോർപറേഷൻ കൗൺസിലർ അഡ്വ. വിനിത വിൻസെന്റ്, മിസ്റ്റർ ആൻസെൽ റെയ്മണ്ട് തുടങ്ങിയവർ സംവാദത്തിൽ പങ്കെടുത്തു.

## സ്ത്രീ ശാക്തീകരണം

സ്ത്രീകളുടെ സുരക്ഷത്വത്തിനും വികസനത്തിനും സ്ത്രീ സമത്വം ഉറപ്പാക്കാൻ വേണ്ടി FCDP - TMS ആരംഭിച്ച പുതിയ പദ്ധതി കഴിഞ്ഞ



ജൂൺ മുതൽ വിവിധ പരിപാടികളുമായി മുന്നോട്ട് പോകുന്നു. ഇതിന്റെ ഭാഗമായി നിരവധി ബോധവത്കരണ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ തുടങ്ങിയവ നടത്തുകയുണ്ടായി.

**നവംബർ 5, 2018**

### ഓക്സിലിയം ഇംഗ്ലീഷ് മീഡിയം സ്കൂൾ കൊട്ടിയം :



സ്ത്രീ സുരക്ഷയെ മുൻനിർത്തി സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങളുടെ പശ്ചാത്തലത്തിൽ കുട്ടികളിൽ അവബോധം വരുത്തുന്നതിനായി 2018 നവംബർ 5ന് കൊട്ടിയം ഓക്സിലിയം





ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ബോധവത്കരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. പ്രധാനമായും സ്ത്രീകൾക്ക് നേരെ നടക്കുന്ന അക്രമങ്ങളെ ചെറുക്കുന്നതിൽ നാം മുന്നോട്ട്




വരേണ്ടതിന്റെ ആവശ്യകതയെ ഊന്നിയായിരുന്നു ബോധവത്കരണ ക്ളാസ്സ് നടന്നത്. വർത്തമാനകാലത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന ലിംഗവത്യാസം,



കൂടാതെ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് രൂപം കൊണ്ട ചില നിയമങ്ങളും രണ്ടു സെഷനായി നടത്തിയ ബോധവത്കരണ പരിപാടിയിൽ അവതരിപ്പിക്കുകയുണ്ടായി. 8 മുതൽ 12 വരെയുള്ള ക്ളാസുകളിൽ നിന്നായി 78 കുട്ടികൾ ഭാഗമായ ബോധവത്കരണ ക്ളാസ്സിന് നേതൃത്വം നൽകിയത് സ്ത്രീ ശാക്തീകരണം കോഓർഡിനേറ്റർ മിസ്റ്റർ അനൂപ്രാജ്, മിസ്റ്റർ റോണി പൗലോസ് എന്നിവരാണ്.